ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.07.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ ആഗോള തലത്തിലേക്ക് ഉയർത്തുന്നതിൽ മേക്ക് ഇൻ ഇന്ത്യ നിർണായക പങ്ക് വഹിക്കുന്നതായി പ്രധാന മന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi has shared a glimpse through the social media that how 'Make In India' is propelling India's economy onto the global stage.**

2. യുഎൻ ഉടമ്പടി പ്രകാരമുള്ള അന്താരാഷ്ട്ര മനുഷ്യാവകാശ സമിതിയുടെ അവലോകനം വിജയകരമായി പൂർത്തിയാക്കി ഇന്ത്യ.

   **India has successfully concluded its 4th periodic review by the Human Rights Committee under the International Covenant on Civil and Political Rights (ICCPR) in Geneva.**

3. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായുള്ള സർവകക്ഷിയോഗം ഞായറാഴ്ച ചേരും.

   **Government has convened an all-party meeting on Sunday ahead of the Budget Session of Parliament.**

4. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചാ പ്രവചനം ഏഴു ശതമാനം വരെ ഉയർത്തി അന്താരാഷ്ട്ര നാണ്യ നിധി.

   **The International Monetary Fund (IMF) upgraded India's economic growth forecast by 20 basis points (bps) to 7 per cent year-on-year basis for the current financial year 2024-25.**

5. വടക്കൻ-മധ്യ കേരളത്തിൽ വ്യാപകമഴയിൽ കനത്ത നാശം. ഇന്ന് അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തത്തിന് വിലക്ക്. എട്ടു ജില്ലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.

**Heavy damage due to widespread rains in North-Central Kerala. Orange vigil in five districts today; Prohibition on fishing in Kerala-Karnataka-Lakshadweep coasts. Holiday for educational institutions in eight districts.**

**&&&&&&&&&&&&&&&&**

## PM-MAKE IN INDIA (INTRO)

ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ ആഗോള തലത്തിലേക്ക് ഉയർത്തുന്നതിൽ മേക്ക് ഇൻ ഇന്ത്യ നിർണായക പങ്ക് വഹിക്കുന്നതായി പ്രധാന മന്ത്രി നരേന്ദ്ര മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

വിശദാംശങ്ങളിലേക്ക്....

(വോയിസ്)

## PM-MAKE IN INDIA (VOICE)

മേക്ക് ഇൻ ഇന്ത്യയുടെ ആഗോള സ്വീകാര്യത അന്താരാഷ്ട്ര വിപണിയിൽ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തെ എടുത്തുകാണിക്കുന്നുവെന്ന് പ്രധാന മന്ത്രി നരേന്ദ്രമോദി ചൂണ്ടിക്കാട്ടി. ബിഹാറിൽ നിർമ്മിച്ച ബൂട്ടുകൾ റഷ്യൻ സൈന്യത്തിൻ്റെ ഭാഗമായത് അന്താരാഷ്ട്ര പ്രതിരോധ വിപണികളിൽ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തെയും ഉൽപ്പാദനത്തിന്റെ ഉയർന്ന നിലവാരത്തെയും പ്രതിഫലിപ്പിക്കുന്നു. ലോകകപ്പിനോട് അനുബന്ധിച്ച് കശ്മീർ നിർമിതമായ വില്ലോ ബാറ്റുകളുടെ ആവശ്യകത ഉയർന്നു. യു.എസിൽ അമൂൽ ഉൽപ്പന്നങ്ങൾ പുറത്തിറക്കി. ഇന്ത്യയുടെ യു.പി.ഐ സംവിധാനം ഒന്നിലധികം രാജ്യങ്ങളിൽ തടസ്സമില്ലാത്ത ഡിജിറ്റൽ പേയ്മെൻ്റുകൾ സാധ്യമാക്കുന്നു. ഇന്ത്യയുടെയും റഷ്യയുടെയും സംയുക്ത സംരംഭമായ ബ്രഹ്മോസ് മിസൈലുകളുടെ തെക്കൻ ചൈന കടലിലെ പ്രവർത്തനം ആഗോള സുരക്ഷ വർദ്ധിപ്പിക്കുന്നതിൽ ഇന്ത്യയുടെ പങ്ക് എടുത്തുകാണിക്കുന്നു. ആമസോണിൻ്റെ ബ്ലാക്ക് ഫ്രൈഡേ, സൈബർ തിങ്കളാഴ്ച വിൽപന എന്നിവയിൽ ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ ആധിപത്യം

ആഗോള ഇ-കൊമേഴ്സ് വിപണികളിൽ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന സാന്നിധ്യത്തെ തുറന്നു കാട്ടുന്നതായും പ്രധാന മന്ത്രി എടുത്തുകാട്ടി.

ന്യൂസ് ഡെസ്ക് ആകാശവാണി ......

&&&&&&&&&&&&&&&

## INDIA – ICCPR

യുഎൻ ഉടമ്പടി പ്രകാരം സിവിൽ- രാഷ്ട്രീയ അവകാശങ്ങൾ, മനുഷ്യാവകാശങ്ങൾ എന്നിവ വിലയിരുത്തുന്നതിനുള്ള, ICCPR മനുഷ്യാവകാശ സമിതിയുടെ നാലാമത്തെ അവലോകനം ഇന്ത്യ ജനീവയിൽ വിജയകരമായി പൂർത്തിയാക്കി. ഇന്ത്യയുടെ അറ്റോർണി ജനറൽ ആർ. വെങ്കിട്ടരമണി, സോളിസിറ്റർ ജനറൽ തുഷാർ മേത്ത എന്നിവർ ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചു. വിവിധ മന്ത്രാലയങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു. ഇന്ത്യ ഇതിന് മുമ്പ് മൂന്ന് ICCPR അവലോകനങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഇന്നലെ സമാപിച്ച ഇന്ത്യയുടെ നാലാമത്തെ അവലോകനത്തിൽ ഇന്ത്യൻ പ്രതിനിധികൾ മനുഷ്യാവകാശ സമിതി അംഗങ്ങളുമായി പൗര-രാഷ്ട്രീയ അവകാശങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ക്രിയാത്മക സംവാദത്തിൽ ഏർപ്പെട്ടു. ഇന്ത്യയിലെ അഴിമതി വിരുദ്ധ നടപടികൾ, വിവേചനമില്ലായ്മ, ദേശീയ സുരക്ഷാ നടപടികൾ, ജുഡീഷ്യൽ ചട്ടക്കൂട്, പുതിയ ക്രിമിനൽ നിയമങ്ങൾ തുടങ്ങി വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടന്നു. ബഹുസ്വരത, അഹിംസ, വൈവിധ്യം തുടങ്ങിയ തത്വങ്ങളിൽ അടിയുറച്ച ഇന്ത്യയുടെ പാരമ്പര്യത്തെയും ധാർമ്മികതയെയും മനുഷ്യാവകാശ സമിതി അംഗങ്ങൾ അഭിനന്ദിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&

## ALL PARTY MEET

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായുള്ള സർവ കക്ഷി യോഗം ഞായറാഴ്ച ചേരും. യോഗത്തിൽ പാർലമെന്റിന്റെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സഹകരണം സർക്കാർ തേടും. ഈ മാസം 22 മുതൽ അടുത്ത മാസം 12 വരെയാണ് ബജറ്റ് സമ്മേളനം. കേന്ദ്ര ബജറ്റ് ജൂലൈ 23 ന് അവതരിപ്പിക്കും.

&&&&&&&&&&&&&&&

## NITI AAYOG

നിതി ആയോഗിന്റെ ഘടന കേന്ദ്ര സർക്കാർ പരിഷ്കരിച്ചു. പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്, ആഭ്യന്തര മന്ത്രി അമിത് ഷാ, ധനമന്ത്രി നിർമല സീതാരാമൻ എന്നിവരെക്കൂടാതെ കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാനെ എക്സ് ഒഫീഷ്യോ അംഗമായി ഉൾപ്പെടുത്തി. കേന്ദ്രമന്ത്രിമാരായ നിതിൻ ഗഡ്കരി, ജെ പി നദ്ദ, എച്ച്.ഡി.കുമാരസ്വാമി, ജിതൻ റാം മാജി, രാജീവ് രഞ്ജൻ സിംഗ്, ഡോ വീരേന്ദ്ര കുമാർ, കെ രാംമോഹൻ നായിഡു, ജുവൽ ഓറം, അന്നപൂർണാ ദേവി, ചിരാഗ് പാസ്വാൻ, റാവു ഇന്ദർജിത് സിംഗ് എന്നിവരെ പ്രത്യേക ക്ഷണിതാക്കളായും ഉൾപ്പെടുത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദി നിതി ആയോഗ് ചെയർപേഴ്സണായി തുടരും. സുമൻ ബെറി വൈസ് പ്രസിഡന്റ് സ്ഥാനത്ത് തുടരും.

&&&&&&&&&&&&&&&

## IMF UPGRADED INDIAS GROWTH FORECAST

ഇന്ത്യയുടെ സാമ്പത്തിക വളർച്ചാപ്രവചനം ഈ സാമ്പത്തിക വർഷം ഏഴുശതമാനം വരെ ഉയർത്തി അന്താരാഷ്ട്ര നാണ്യനിധി. 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ഇന്ത്യയുടെ സാമ്പത്തിക വളർച്ചാ പ്രവചനം 20 ബേസിസ് പോയിന്റ് വരെയാണ് ഉയർത്തിയത്. ഏപ്രിൽ മാസത്തെ വിലയിരുത്തലിലും സമാനമായ

വർധനവ് ഐഎംഎഫ് വരുത്തിയിരുന്നു. രാജ്യത്തെ ഗ്രാമപ്രദേശങ്ങളിലെ മെച്ചപ്പെട്ട സാധ്യത പരിഗണിച്ചാണ് ഇത്തവണ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ മുന്നേറ്റം പ്രവചിക്കുന്നത്.

&&&&&&&&&&&&&&&

## RAIN FORECAST

അഞ്ച് ദിവസം ഗോവ, മധ്യ മഹാരാഷ്ട്ര, ഗുജറാത്ത്, കർണാടക, കേരളം എന്നിവിടങ്ങളിൽ കനത്തതോ അതിശക്തമായതോ ആയ മഴ പെയ്യുമെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ്. തെലങ്കാന, ആന്ധ്രാപ്രദേശ്, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഒഡീഷ, നാഗാലാൻഡ്, മണിപ്പൂർ, മിസോറാം, ത്രിപുര, തമിഴ്നാട് എന്നിവിടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. ഉത്തർപ്രദേശിൽ 17 ജില്ലകളിലായി 1,500 ലധികം ഗ്രാമങ്ങൾ വെള്ളപ്പൊക്കത്തിൽ വലയുകയാണ്. കൂടാതെ ബറേലി, പിലിഭിത്, ഷാജഹാൻപൂർ എന്നിവിടങ്ങളിലെ നഗരപ്രദേശങ്ങളെയും ബാധിച്ചിട്ടുണ്ട്. ഗുജറാത്തിൽ 20 ലധികം ജില്ലകളിൽ മഴ തുടരുന്നു.

&&&&&&&&&&&&&&&

## RAIN KERALA

വടക്കൻ കേരളത്തിലും മധ്യ കേരളത്തിലും കനത്ത മഴയിലും കാറ്റിലും വ്യാപകനാശം. വിവിധ ജില്ലകളിൽ മഴക്കെടുതിയിൽ മരണങ്ങൾ റിപ്പോർട്ടു ചെയ്തു. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ അതിതീവ്ര മഴയാണ് തുടരുന്നത്. ഇടുക്കി, പാലക്കാട് ജില്ലകളിലും മഴ നാശം വിതച്ചു. സംസ്ഥാനത്ത് 14 ദുരിതാശ്വാസ ക്യാമ്പുകളിലായി 76 കുടുംബങ്ങളിലെ 224 പേരെ മാറ്റിപ്പാർപ്പിച്ചു. അണക്കെട്ടുകളിലെ ജലനിരപ്പും ഉയർന്നു. കല്ലാർകുട്ടി, മലങ്കര, ലോവർപെരിയാർ തുടങ്ങിയ സംഭരണികളിലെ ഷട്ടർ ഉയർത്തി. പെരിയാറിൽ ജലനിരപ്പ് ഉയർന്നതോടെ ആലുവ ശിവക്ഷേത്രത്തിൽ വെള്ളം കയറി. ഭവാനിപ്പുഴ കരകവിഞ്ഞ് ഒഴുകുകയാണ്. പാലക്കാട്, ഇടുക്കി, ആലപ്പുഴ ജില്ലകളിൽ വ്യാപക കൃഷിനാശമുണ്ട്.

മലയോരങ്ങളിലേക്കുള്ള രാത്രിയാത്രയ്ക്ക് വിലക്കുണ്ട്. പാലക്കാട്, ഇടുക്കി ജില്ലകളിൽ വിനോദസഞ്ചാരകേന്ദ്രങ്ങൾ അടച്ചു. സംസ്ഥാനത്ത് ഈ സീസണിലെ ഏറ്റവും കൂടിയ മഴയാണ് ചൊവ്വ രാവിലെ എട്ടിന് അവസാനിച്ച 24 മണിക്കൂറിൽ രേഖപ്പെടുത്തിയത്. 84.5 മില്ലി മീറ്റർ മഴ ലഭിച്ചു. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ ഇന്ന് ശക്തമായ മഴയ്ക്കുള്ള മഞ്ഞ ജാഗ്രത തുടരുന്നു. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുള്ളതിനാൽ മീൻപിടിക്കാൻ പോകരുത്. കേരള തീരത്ത് കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&

## RAIN– HOLIDAY

എട്ടു ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കലക്ടർമാർ ഇന്ന് അവധി പ്രഖ്യാപിച്ചു. കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട്, തൃശൂർ, ഇടുക്കി, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾക്കാണ് അവധി. നേരത്തെ നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല. കണ്ണൂരിൽ കോളേജുകൾക്ക് അവധിയില്ല. പത്തനംതിട്ടയിൽ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&

## RAIN – MINISTER REACTION

മഴ ശക്തമാകുമെന്ന മുന്നറിയിപ്പിനെത്തുടർന്ന് ആവശ്യമായ മുൻകരുതൽ സ്വീകരിച്ചതായി മന്ത്രി കെ.രാജൻ പറഞ്ഞു. സംസ്ഥാനത്ത് പുതിയ ന്യൂനമർദം ശക്തമാകാൻ സാധ്യതയുണ്ട്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയ്ക്ക് സാധ്യതയുണ്ട്. ദേശീയ പാത നിർമാണത്തിന് മണ്ണെടുപ്പ്

നടക്കുന്ന സ്ഥലങ്ങളിൽ മണ്ണിടിച്ചിൽ സാധ്യതയുണ്ട്. രാത്രിയാത്ര പരമാവധി ഒഴിവാക്കണമെന്നും മന്ത്രി അഭ്യർഥിച്ചു. എൻഡിആർ എഫിന്റെ ഒമ്പത് ടീം സംസ്ഥാനത്തുണ്ട്.

&&&&&&&&&&&&&&&

## OIL TANKER

ഒമാൻ തീരത്ത് എണ്ണ കപ്പൽ മറിഞ്ഞ് 16 ജീവനക്കാരെ കാണാതായി. ഇതിൽ പതിമൂന്ന് പേർ ഇന്ത്യക്കാരാണ്. മറ്റ് മൂന്ന് ജീവനക്കാരും ശ്രീലങ്കക്കാരാണ്. ദുക്കം തുറമുഖ പട്ടണത്തിന് സമീപമാണ് എണ്ണക്കപ്പൽ മറിഞ്ഞതെന്ന് ഒമാൻ മാരിടൈം സെക്യൂരിറ്റി സെന്റർ അറിയിച്ചു. യെമനിലെ തുറമുഖ നഗരമായ ഏദനിലേക്ക് പോയ പ്രസ്റ്റീജ് ഫാൽക്ക എന്ന എണ്ണ കപ്പലാണ് മറിഞ്ഞത്.

&&&&&&&&&&&&&&&

## OMAN–SHOOTING

ഒമാനിലെ മസ്കറ്റിൽ അലി ബിൻ അബി താലിബ് പള്ളിക്ക് നേരെയുണ്ടായ ആക്രമണത്തിൽ ഒരു ഇന്ത്യക്കാരനടക്കം ആറ് പേർ കൊല്ലപ്പെട്ടു. മറ്റൊരു ഇന്ത്യക്കാരന് പരിക്കേറ്റതായും ഒമാനിലെ ഇന്ത്യൻ എംബസി സാമൂഹ്യമാധ്യമത്തിലൂടെ അറിയിച്ചു. ഒമാനി സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ മൂന്ന് അജ്ഞാതരായ തോക്കുധാരികൾ സംഭവസ്ഥലത്ത് വെച്ച് കൊല്ലപ്പെട്ടു. സുരക്ഷാ ഉദ്യോഗസ്ഥർ ഉൾപ്പെടെ വിവിധ രാജ്യക്കാരായ 28 പേർക്ക് പരിക്കേറ്റു. ഒമാനിൽ ഷിയാ പള്ളിക്ക് നേരെയുണ്ടാകുന്ന ആദ്യ ആക്രമണമാണിത്. മസ്കറ്റിലെ യു.എസ് എംബസിക്ക് സുരക്ഷാ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&

## MUHARRAM

രാജ്യത്തുടനീളം ഇന്ന് മുഹറം ആചരിക്കുന്നു. സത്യത്തിനും നീതിക്കും വേണ്ടി ജീവൻ ബലിയർപ്പിച്ച പ്രവാചകൻ മുഹമ്മദ് നബിയുടെ ചെറുമകൻ ഹസ്രത്ത് ഇമാം ഹുസൈന്റെയും കൂട്ടാളികളുടെയും രക്തസാക്ഷിത്വ ദിനമായാണ് മുഹറം ആചരിക്കുന്നത്. മാസപ്പിറവി കണ്ടത് പ്രകാരം കേരളത്തിലും മുഹറം ഇന്നാണ് ആചരിക്കുന്നത്. എന്നാൽ മുഹറം പ്രമാണിച്ച് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പൊതു അവധി ഇന്നലെയായിരുന്നു.

&&&&&&&&&&&&&&

## WOMEN CRICKET

ശ്രീലങ്കയിലെ ദാംബുള്ളയിൽ വെള്ളിയാഴ്ച ആരംഭിക്കുന്ന ഏഷ്യാ കപ്പ് ടി-20 ടൂർണമെന്റിൽ പങ്കെടുക്കാൻ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം കൊളംബോയിൽ എത്തി. ഹർമൻപ്രീത് കൗറിന്റെ നേതൃത്വത്തിൽ ഉള്ള ഇന്ത്യൻ വനിതാ ടീം മറ്റന്നാൾ പാകിസ്ഥാനുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&

## CRICKET TOUR INDIA -SREELANKA

ഇന്ത്യ- ശ്രീലങ്ക ഏകദിന ട്വന്റി 20 പുരുഷ ക്രിക്കറ്റ് പരമ്പരയ്ക്ക് ഈ മാസം 27 ന് ശ്രീലങ്കയിൽ തുടക്കം. പരമ്പരയിൽ മൂന്നു വീതം ഏകദിനങ്ങളും ട്വന്റി -20 മത്സരങ്ങളും ഉണ്ടാകും.

&&&&&&&&&&&&&&

## EC-VOTING MECHINE

ലോക്സഭാ, നിയമസഭാ തിരഞ്ഞെടുപ്പിനുപയോഗിച്ച വോട്ടിങ് യന്ത്രങ്ങൾ പരിശോധിക്കുന്നതിനുള്ള നടപടിച്ചട്ടം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു. വോട്ടിങ് മെഷീൻ

നിർമാണ കമ്പനിയിലെ എൻജിനീയർമാരാണ് പരിശോധന നടത്തുക. സ്ഥാനാർത്ഥിയും പ്രതിനിധിയും സ്ഥലത്തുണ്ടാകണം.

&&&&&&&&&&&&&&

## JITENDRA SINGH – HEALTH CLINIC

ആരോഗ്യ ഗവേഷണവുമായി ബന്ധപ്പെട്ട "പ്രീ-ക്ലിനിക്കൽ നെറ്റ്‌വർക്ക് സൗകര്യം" കേന്ദ്ര സഹ മന്ത്രി ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്തു. ഫരീദാബാദിലെ ട്രാൻസ്‌ലേഷണൽ ഹെൽത്ത് സയൻസ് ആൻഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിലാണ് ഈ സംവിധാനം ആരംഭിച്ചത്. ലോകമെമ്പാടുമുള്ള ഒമ്പതാമത്തെ നെറ്റ്‌വർക്ക് ലബോറട്ടറിയും ഏഷ്യയിലെ തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ ലബോറട്ടറിയും ആണിത്.

&&&&&&&&&&&&&&

## GUJARAT– MEDICAL FEE

ഗുജറാത്ത് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള 13 മെഡിക്കൽ കോളേജുകളിലെ ഫീസിൽ ഇളവ് പ്രഖ്യാപിച്ചു. ഇന്നലെ ചേർന്ന സംസ്ഥാന മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം. ഗുജറാത്ത് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് സൊസൈറ്റിയുടെ കീഴിലെ കോളേജുകളിലെ ഫീസ് വർധിപ്പിച്ചത് വൻ പ്രതിഷേധം ഉയർത്തിയിരുന്നു.

&&&&&&&&&&&&&&&&&&&&&&
&&&